***'CORRUPTION, A CRIME AGAINST NATION'***


വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇ-മെയിൽ: vig.vacb@kerala.gov.in
ഫോൺ: 0471-2305393


തീയതി:31.10.2018

**വിജിലൻസിന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങളിൽ മതിപ്പ് വർദ്ധിക്കുന്നു : മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ .**

വിജിലൻസിന്റെ കഴിഞ്ഞ രണ്ടര വർഷത്തെ പ്രവർത്തനങ്ങൾ പൊതുജനങ്ങളിൽ മതിപ്പ് ഉളവാക്കുന്നതാണെന്ന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അഭിപ്രായപ്പെട്ടു. വിജിലൻസ് ബോധവൽക്കരണ വാരാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (31-10-2018 തീയതി) തിരുവനന്തപുരത്തുള്ള മാസ്കറ്റ് ഹോട്ടലിൽ വച്ച് നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം . വിജിലൻസ് ബോധവൽക്കരണ വാരാചരണത്തിന്റെ ഭാഗമായി നടക്കുന്ന ശില്പശാലകൾ പോലുള്ള പരിപാടികൾ പൊതുസമൂഹത്തിൽ ബോധവൽക്കരണം ഉണ്ടാക്കുന്നു. പൊതു സേവകരുടെ അഴിമതി കണ്ടെത്തി തടയുന്നതിനാണ് വിജിലൻസ് പ്രമുഖ്യം നൽകുന്നത്.

ഇന്റലിജൻസ് സംവിധാനം വഴി അഴിമതിക്കാരുടെ വിവരങ്ങൾ ശേഖരിച്ച് വിജിലൻസ് ആസ്ഥാനത്ത് ഏകോപിപ്പിച്ച് റെയ്ഡുകളും മിന്നൽ പരിശോധനകളും നടത്തിയാണ് വിജിലൻസ് അഴിമതി തടയുന്നതിനായി പ്രവർത്തിക്കുന്നത് . ആയിരത്തോളം മിന്നൽ പരിശോധനകൾ ഈ വർഷം മാത്രം നടത്തിയത് വിജിലസിന്റെ മികവിനെയാണ് കാണിക്കുന്നത്. പൊതുനന്മക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ വലിയൊരു സ്ഥാനമാണ് വിജിലൻസിനുള്ളത് . അഴിമതിക്ക് ഏതെങ്കിലും വ്യക്തിയോ

സ്ഥാപനമോ വഴിപ്പെട്ടാൽ സമൂഹത്തിന്റെ ധാർമ്മികതയാണ് നഷ്ടപ്പെടുന്നത്.ദരിദ്രരാണ് അഴിമതി കാരണം കൂടുതലും കഷ്ടപ്പെടുന്നത്. അഴിമതി ഒരു പ്രത്യോകതരം ചൂഷണമാണ്.

നമ്മുടെ രാജ്യത്ത് അധികാരത്തിൽ വരുന്ന ഭരണകൂടങ്ങൾ അഴിമതി നേരിടാൻ ശക്തമായ നടപടി സ്വീകരിച്ചു എന്ന് പറയുമ്പോഴും അത് ഫലപ്രദമാകുന്നില്ല.അഴിമതി രഹിത പ്രവർത്തനങ്ങൾക്ക് ലോക രാജ്യങ്ങൾക്കിടയിൽ ഇന്ത്യക്ക് എൺപത്തൊന്നാം സ്ഥാനമാണുള്ളത്. അയൽ രാജ്യങ്ങളായ പാകിസ്ഥാൻ , ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങൾ പോലും നമ്മെളെക്കാൾ മുന്പിലാണെന്നും ആയതിനാൽ നമ്മുടെ രാജ്യത്തു നടക്കുന്ന അഴിമതി രഹിത പ്രവർത്തങ്ങൾ വേണ്ട ഫലം കാണുന്നില്ല യെന്നും അദ്ദേഹം ചൂണ്ടി കാണിച്ചു.

എന്നാൽ കേരളത്തിലെ വിജിലൻസിന്റെ നിഷ്പക്ഷവും സ്വതന്ത്രവുമായ പ്രവർത്തങ്ങൾ കാരണം അഴിമതി രഹിത കാര്യങ്ങളിൽ ഇന്ത്യയിൽ നമ്മുടെ സംസ്ഥാനം മറ്റുള്ളവർക്ക് മാതൃക യാണെന്നും അദ്ദേഹം ചൂണ്ടികാണിച്ചു. അഴിമതിക്കെതിരെ കർക്കശ നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. വിവിധ മേഖലകളിലുള്ള സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനാ ങ്ങളിൽ വിജിലൻസ് ഇടപെടുന്നത് ഇതിന്റെ ഭാഗമായാണ്.

അഴിമതി രഹിത കേരളമാണ് സർക്കാരിന്റെ ലക്ഷ്യം.എന്നാൽ ഇപ്പോൾ അഴിമതി പഴയ അവസ്ഥയല്ലയെന്നും അദ്ദേഹം ചൂണ്ടികാണിച്ചു. ഒരു പ്രൈമറി സ്കൂളിൽ ചേരാൻ അഞ്ച് ലക്ഷം വാങ്ങിയാൽ എന്ത് പേരിലാണ് വിളിക്കേണ്ടത് എന്നും മുഖ്യ മന്ത്രി ചോദിച്ചു.ഇത് കൂടാതെ പല കോഴ്സുകൾക്കും അഡ്മിഷനും മറ്റും പണം വാങ്ങുന്നുണ്ട്.ഇത് മറയില്ലാതെ നടക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ മുൻപില്ലാത്ത പല പ്രവണതയും ഇപ്പോൾ നടക്കുകയാണ്. പ്രൊഫഷണൽ കോളേജുകൾ പണം സമ്പാദിക്കാനുള്ള സ്രോതസ്സായി ചിലർ കാണുന്നു. ഈ മേഖലയെ ശുദ്ധീകരിക്കാൻ വിജിലൻസിന് ഒട്ടേറെ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

സാധാരണക്കാർക്ക് സേവനം നേടിക്കൊടുക്കേണ്ടത് വളരെ അത്യാവശ്യമാണ്.സാധാരണ ജനങ്ങൾ സർക്കാർ ഓഫീസുകളിൽ എത്തുമ്പോൾ അനാവശ്യ തർക്ക വാദങ്ങൾ ഉന്നയിച്ച് പല തവണ കയറ്റി ഇറക്കുന്നത് അഴിമതിക്കായാണ്. ഇത്തരത്തിലുള്ളവരെ കണ്ടെത്തി നടപടി

സ്വീകരിക്കണം. അഴിമതി കണ്ടാൽ അതിനെതിരെ ധൈര്യപൂർവ്വം പ്രതികരിക്കാൻ ബന്ധപ്പെട്ടവർ മുന്നോട്ട് വരണം.

അഴിമതി നടന്ന ശേഷം ഇടപെടാതെ അഴിമതി നടക്കുന്നതിന് മുൻപ് തടയണം. ആധുനിക കാലഘട്ടത്തിനനുസൃതമായി സർക്കാർ നടപ്പിലാക്കി വരുന്ന ഇ- ഗവെർണൻസ് പദ്ധതിയുടെ ഭാഗമായി ഭരണ നിർവ്വഹണം വേഗത്തിലാക്കാൻ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ വെബ് അധിഷ്ഠിതമായ Internal Administrative Processing System (IAPS) ആരംഭിക്കുകയും വിജയകരമായി പ്രവർത്തിപ്പിച്ച് വരുകയും ചെയ്യുന്നു.വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ റെക്കോർഡുകളും മറ്റ് കൈവശമുള്ള ഫയലുകളും രേഖകളും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനായി ഡി-സ്പേസ് (D- Space ) എന്ന ആർക്കൈവ്സ് സംവിധാനം ആരംഭിച്ച് പ്രവർത്തനം നടന്നു വരുന്നു. തട്ടിപ്പിനായി നൂതന സാങ്കേതിക വിദ്യയാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. അന്വേഷണത്തിന്റെ ഭാഗമായി ഡിജിറ്റൽ തെളിവുകൾ സ്വീകരിക്കുന്നതിനും അന്വേഷണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തിരുവനന്തപുരം , എറണാകുളം , കോഴിക്കോട് എന്നീ ജില്ലകൾ ആസ്ഥാനമാക്കി വിജിലൻസ് പുതിയ സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം ഈ മേഖലയിലെ വിദഗ്ധരായ ഉദ്യോഗസ്ഥരെ ഉൾകൊള്ളിച്ചു കൊണ്ട് നടത്തി വരുന്നുവെന്നും മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പറഞ്ഞു.

അഴിയമതിക്കെതിരായ ഒരു സംസ്കാരം വളർത്തിയെടുക്കാൻ നമുക്ക് കഴിയണമെന്നും അഴിമതി കണ്ടാൽ വിജിലൻസിനെ അറിയിക്കണമെന്നും അപ്രകാരം ഒരു കോടിക്ക് മുകളിലുള്ള അഴിമതി പുറത്ത് കൊണ്ടുവരുന്നവർക്ക് സർക്കാർ **വിസിൽ ബ്ലോവർ അവാർഡ്** നൽകുന്നതാണെന്നും മുഖ്യമന്ത്രി അറിയിച്ചു.. ഇ-ഓഫിസ് സംവിധാനം വ്യാപകമാകുന്നതോടെ പണ്ട് മുതൽക്കെ ഉണ്ടായിരുന്ന അഴിമതി കുറക്കാനും കാര്യക്ഷമത വർദ്ധിപ്പിക്കുവാനും കാരണമാകും.കേരളത്തിലെ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ മുഴുവൻ ഓഫീസുകളും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു വെന്നും മുഖ്യമന്ത്രി പറഞ്ഞു .

വിജിലൻസ് ബോധവത്കരണ വാരത്തോടനുബന്ധിച്ചു വിജിലൻസ് ഉദ്യോഗസ്ഥർക്കും വിവിധ വകുപ്പുകളിലെ ഇന്റേർനൽ വിജിലൻസ് ഓഫീസർക്കുമായി സെമിനാറും ശില്പശാലയും സംഘടിപ്പിച്ചു. പ്രസ്തുത സെമിനാറിലും ശില്പശാലയിലും വിജിലൻസ് ആൻഡ് ആന്റി-കറപ്ഷൻ ബ്യൂറോ പൊലീസ് ഇൻസ്പെക്ടർ ജനറൽ ശ്രീ.എച്ച്.വെങ്കടേഷ് IPS "വിവിധ സ്ഥാപനങ്ങളിലെയും/ വകുപ്പുകളിലെയും വിജിലൻസ് സംവിധാനത്തെപ്പറ്റി"യും; ശ്രീ.ജസ്റ്റിസ് .സി.എൻ.രാമചന്ദ്രൻ നായർ (റിട്ട.) "അഴിമതി നിർമ്മാർജനത്തിലൂടെ നവഭാരത സൃഷ്ടി" എന്ന വിഷയത്തെപ്പറ്റിയും കേരള നിയമ വകുപ്പ് സെക്രട്ടറി ശ്രീ.ബി.ജി.ഹരീന്ദ്രനാഥ് "പുതിയ അഴിമതി നിരോധന നിയമത്തിന്റെവിശകലനം "എന്നിവയെപ്പറ്റിയും ക്ലാസുകൾ എടുത്തു.

കേരള വിജിലൻസ് ആഭ്യന്തര വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ശ്രീ.സുബ്രതാ ബിശ്വാസ് IAS അദ്ധ്യക്ഷത വഹിച്ച പ്രസ്തുത ചടങ്ങിൽ വിജിലൻസ് ആൻഡ് ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടർ ശ്രീ.ബി.എസ്.മുഹമ്മദ് യാസിൻ IPS സ്വാഗതവും ശ്രീ.ജസ്റ്റിസ് .സി.എൻ.രാമചന്ദ്രൻ നായർ (റിട്ട.) മുഖ്യ പ്രഭാഷണവും നിയമ വകുപ്പ് സെക്രട്ടറി ശ്രീ.ബി.ജി.ഹരീന്ദ്രനാഥ് ആശംസയും വിജിലൻസ് ആൻഡ് ആന്റി-കറപ്ഷൻ ബ്യൂറോ പൊലീസ് ഇൻസ്പെക്ടർ ജനറൽ ശ്രീ.എച്ച്.വെങ്കടേഷ് IPS കൃതജ്ഞതയും പറഞ്ഞു.